(13) മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി പഞ്ചായത്തുകളിലെ വോൾട്ടേജ് കുറവ്

ശ്രീ. സി. വാസുദേവമേനോൻ: സർ, ചിറ്റൂർ ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിലുള്ള മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി പഞ്ചായത്തുകളിൽ ഇരുന്നൂറോളം മോട്ടോറുകൾ കാർഷിക ആവശ്യത്തിനു വേണ്ടി പ്രവർത്തിക്കുന്നുണ്ട്. അവിടെ വോൾട്ടേജ് കുറവായതു കൊണ്ട് വിദ്യാർത്ഥികൾക്ക് പഠിക്കാൻ നിവൃത്തിയില്ല. വ്യാപാരികൾക്ക് കച്ചവടം ചെയ്യാൻ നിവൃത്തിയില്ല. മോട്ടോറുകളും പ്രവർത്തിക്കുന്നില്ല. മിൻകരയ്ക്കടുത്ത് കുന്നത്തൂർ പേപ്പർമിൽ എന്നൊരു സ്ഥാപനമുണ്ട്. വ്യവസായാവശ്യത്തിന് വൈദ്യുതി കൊടുക്കരുത് എന്നല്ല ഞാൻ പറയുന്നത്. എൻജിനീയർമാർ എഴുതിയിട്ടും ആ സ്ഥാപനത്തിന് കണക്ഷൻ കൊടുത്തതിന്റെ ഫലമായി മോട്ടോറുകൾ ഒന്നും പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. എന്നുമാത്രമല്ല പാലക്കാട് ജില്ലക്കാകെ കറന്റ് സപ്ലൈ കുറച്ചിരിക്കുകയാണ്. ഒന്നുകിൽ ആവശ്യത്തിന് ഇലക്ട്രിസിറ്റി സപ്ലൈ ചെയ്യണം. അല്ലെങ്കിൽ ഇത് നിർത്തിവയ്ക്കണം. ജനങ്ങൾ മണ്ണെണ്ണ ഉപയോഗിച്ചുകൊള്ളും. കപ്പാസിറ്റി ആവശ്യത്തിനുള്ളതായ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള കോഴിക്കോട് സൂപ്രണ്ടിംഗ് എൻജിനീയറുടെ പ്രൊപ്പോസൽ അനന്തമായി നീട്ടിക്കൊണ്ടുപോയി ഈ പ്രശ്നം പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, വോൾട്ടേജിന്റെ കുറവ് പരിഹരിക്കപ്പെടുന്നത് വേണ്ടത്ര പുതിയ ലൈനുകൾ വലിക്കണം. സബ്സ്റ്റേഷനുകളും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കണം. സാമ്പത്തിക ബുദ്ധിമുട്ടുകളാണ് ഇതിന് തടസ്സമായി നിൽക്കുന്നത്. ഈ പറഞ്ഞ സ്ഥലങ്ങളിൽ നെൻമാറ, കൊല്ലങ്കോട്, എലവഞ്ചേരി ഫീഡറിൽനിന്നാണ് കറന്റ് ഫീഡ് ചെയ്യുന്നത്. അതിന് യാതൊരു മാറ്റവും വരുത്തിയിട്ടില്ല. ചെമ്മാണിയോഗത്തേക്ക് കൊഴിഞ്ഞാമ്പാറ സബ്സ്റ്റേഷനിൽനിന്ന് 7 കിലോമീറ്റർ 11 കെ. വി. ലൈൻ വലിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നെൻമാറ, കൊല്ലങ്കോട് ഫീഡറുകളിൽ നെൻമാറ ലൈനിന്റെ ലോഡ് കുറയ്ക്കുന്നതിനുവേണ്ടി നെൻമാറയിൽനിന്ന് വിത്തിനിശ്ശേരി വരെ ഒരു പ്രത്യേക 11 കെ. വി. ഫീഡറിന്റെ പണി പൂർത്തിയായി വരുന്നു. അതിനാവശ്യമായ നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

(14) ദേവികുളം നിയോജകമണ്ഡലത്തിലെ ജലക്ഷാമം

ശ്രീ. ജി. വരദൻ: சார், என்னுடைய தொகுதியில் குடிப்பதற்கு தண்ணீர் கிடையாது. வட்டவடை, காந்தலூர், மறையூர் என்ற மூன்று பஞ்சாயத்துகளில் ஏகதேசம் 50,000 விவசாயிகள் வாழ்கிறார்கள். விவசாயம் செய்வதற்கு தண்ணீர் கிடையாது. அங்கு தண்ணீர் தாராளமாக ஓடுகிறது. ஒரு அணை கட்டி, சின்னசின்ன தட்டுதட்டாகப்பிரித்து விட்டு விவசாயத்திற்கு தண்ணீர் கொடுக்கக்கூடிய காரியத்தில் நம்து

LIBRARY ARCHIVES Kerala Legislative Assembly

சர்க்கார் மிகவும் பின்னோக்க நிலையில் உள்ளது. நான் பலமுறை நேரடியாக அமைச்சர்களிடம் கூறியிருக்கிறேன். நமது மற்றப் பிற்குரிய ரெவന്യൂ அமைச்சர் அவர்களுக்குத் தெரியும். அவர்கள் அங்கு வந்திருந்தார்கள். அவர்கள் அங்கு வரும் போது அங்குள்ள விவசாயிகள் மிகவும் கஷ്ടப்பட்டுக்கொண்டிருந്தார்கள். அவர்களுക്കു കൊടുത്ത லോൺ பணத்തை തിരുப്பி அടைக்க முடியாத நിലമையில் உள்ளனர். ஆகையால் தயவு செய்து இந്த மൂன്று பഞ്சായത്തുകളിലും വാഴും മക്കളുക്കു പുനരുദ്ധാരണം അളിപ്പതற്കു തേവൈയാന നടവടിക്കൈകളൈ നമതു അരസു உടனടിയാക എടുക്ക വേണ്ടുമെന്റു കേട്ടുക്കൊൾകിറേൻ.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, അദ്ദേഹം പറഞ്ഞ വ്യവസായം കൃഷിയാണ്. ആ മൂന്ന് പ്രദേശവും റെയിൻഷാഡോ പ്രദേശങ്ങളാണ്. കന്തല്ലൂർ, പട്ടവട, മറയൂർ ഈ മൂന്ന് പഞ്ചായത്തുകളും കൂടാതെ പാലക്കാട് ജില്ലയിലെ ഏതാനും പ്രദേശങ്ങളും സ്ഥിരമായി വരൾച്ച അനുവേപ്പെടുന്ന പ്രദേശങ്ങളാണ്. അവിടെ അടിയന്തിരമായ നടപടി സംസ്ഥാനഗവൺമെൻറ് സ്വീകരിക്കുന്നുണ്ട്. ഇവിടത്തെ വരൾച്ച സ്ഥിരമായി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്രഗവൺമെൻറിനു് അയയ്ക്കുന്നുണ്ട്.

(15) ടൂറിസം വികസന കോർപ്പറേഷന്റെ പ്രവർത്തനവും തൊഴിലാളി കൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളും

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, കേരളത്തിലെ ടൂറിസം ഡെവലപ്മെൻറ് കോർപ്പറേഷൻ തുടിക്കുടി തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഓഫീസിയുടെ മാനേജിംഗ് ഡയറക്ടറായിരുന്ന് അര കോടി ഉറുപ്പിക വെട്ടിപ്പ് നടത്തിയതിന് സസ്പെൻഷനിലായിരുന്ന ശ്രീ. എസ്. കെ. പിള്ളയാണ് അതിന്റെ മാനേജിംഗ് ഡയറക്ടർ. കോർപ്പറേഷന്റെ കാര്യക്ഷമതയില്ലായ്മയെക്കുറിച്ചും അവിടത്തെ അഴിമതിയെക്കുറിച്ചും ചില കാര്യങ്ങൾ ഉന്നയിച്ചതിന്റെ പേരിൽ അവിടത്തെ തൊഴിലാളികളുടെ പേരിൽ പ്രതികാര നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. കുറെ തൊഴിലാളികളെ പിരിച്ചുവിട്ടു. താൽക്കാലിക ജീവനക്കാർക്ക് കഴിഞ്ഞ പ്രാവശ്യം ബോണസ് കൊടുത്തില്ല. അവരെയെല്ലാം പുകച്ചുപുറത്ത് ചാടിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കെ ല്ലെന്റെ ആലയിൽപെട്ട മുയലിനെപ്പോലെയാണ് അവിടെ തൊഴിലാളികൾ കഴിഞ്ഞുകൂടുന്നത്. ഈ സ്ഥാപനത്തിന്റെ തകർച്ചയ്ക്കും ഇത്തരം നടപടികൾക്കും എതിരായി അന്വേഷണം നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, എനിക്ക് കിട്ടിയ റിപ്പോർട്ടനുസരിച്ച് ബോണസ്സും അഡ്വാൻസും ഇൻക്രിമെന്റും നൽകിയിട്ടുണ്ട്. ഇവിടെ 16 പേരുടെ പേരിൽ ഡിസ്പ്ലിനറി ആക്ഷൻ എടുത്തിട്ടുണ്ട്. അതിനെക്കുറിച്ച് എന്തെങ്കിലും കൂടുതൽ അന്വേഷിക്കണമോ എന്നു പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly